## കണ്ണൂർ രൂപത

# 16 – ാം വാർഷികാഘോഷവും

# 'ശുചിത്വ ഭവനം ശുചിത്വ കണ്ണൂർ ' കാമ്പെയ്ൻ ഉദ്ഘാടനവും

ശുചിത്വം ഓരോ ജനതയുടെയും സമൂഹത്തിന്റെയും പുരോഗതിയെ കണക്കാക്കുന്നതിൽ വലിയൊരു പങ്കുവഹിക്കുന്നു. നാമെല്ലാവരും ശുചിത്വത്തിന് പ്രാധാന്യം കൽപ്പിക്കുന്നവരാണ്. ഇതിൽ നമുക്ക് അഭിമാനിക്കാം. എങ്കിലും ശുചിത്വ ബോധത്തിലും ശുചീകരണ പ്രവർത്തനങ്ങളിലും നാം ഇനിയും വളരേണ്ടതുണ്ട്. നാമോരോരുത്തരും സ്വന്തമായും കൂട്ടായും ശുചിത്വ പ്രക്രിയിയൽ ഉചിതമായ തീരുമാനങ്ങളെടുത്തെങ്കിൽ മാത്രമേ ഈ മനോഹരമായ പ്രകൃതിയെ സംരക്ഷിക്കുവാനും കരുതലോടെ പരിപാലിക്കുവാനും സാധിക്കുകയുള്ളൂ. വ്യക്തിയും, ഭവനവും, സമൂഹവും, പ്രകൃതിയും ഒരുപോലെ ശുചിയായി സംരക്ഷിക്കേണ്ടത് നമ്മുടെ ഓരോരുത്തരുടെയും കർത്തവ്യമായി നാം കാണുകയും അതിനായി നിലകൊള്ളേണ്ടതുമാണ്.

കണ്ണൂർ രൂപതയുടെ 16 -ാം വാർഷികത്തോടനുബന്ധിച്ച് 'ശുചിത്വ ഭവനം ശുചിത്വ കണ്ണൂർ' എന്ന പേരിൽ രൂപതാ തലത്തിൽ ശുചീകരണ തീവ്രയത്നപരിപാടി നടത്തുന്നതിന്റെ ഭാഗമായി രൂപതയിൽ ഒരു മാസം നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ചിരിക്കുന്നു. രൂപതയിലെ എല്ലാ ഇടവകകളും, വിദ്യാഭ്യാസ-ആരോഗ്യ-സാമൂഹിക സേവനമേഖലയിലെ എല്ലാ സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും ഈ ശുചീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടതാണ്. ഈ പ്രയത്നത്തിൽ ഇടവകയിലെ എല്ലാ വിശ്വാസികളുടെയും പൊതുസമൂഹത്തിന്റെയും സഹകരണം പ്രതീക്ഷിക്കുന്നു.

എന്ന്

മോൺ.ദേവസ്സി ഈരത്തറ, കണ്ണൂർ രൂപത

## കാര്യപരിപാടികൾ

### രൂപതാ തല ഉദ്ഘാടനം

കൃതജ്ഞത ബലി രാവിലെ 6.30ന്
ബർണ്ണശ്ശേരി ഹോളി ട്രിനിറ്റി
കത്തീഡ്രലിൽ : **റൈറ്റ്. റവ. ഡോ. അലക്സ് വടക്കുംതല**
**(ബിഷപ്, കണ്ണൂർ രൂപത)**

രാവിലെ 7.30 : **'ശുചിത്വ ഭവനം ശുചിത്വ കണ്ണൂർ'**
രൂപതാ തല ഉൽഘാടനം

രാവിലെ 10.00 ന് **രാജേന്ദ്ര പാർക്ക്, എ.കെ.ജി. ആശുപത്രിക്ക് സമീപം**
സ്വാഗതം : **മോൺ. ദേവസി ഈരത്തറ**

### ജില്ലാ തല ഉദ്ഘാടനം

രാവിലെ 9.30 ന് **രാജേന്ദ്ര പാർക്ക്, എ.കെ.ജി. ആശുപത്രിക്ക് സമീപം**

| | | |
|---|---|---|
| സ്വാഗതം | : | **മോൺ.ദേവസി ഈരത്തറ** |
| അദ്ധ്യക്ഷൻ | : | **റൈറ്റ്. റവ. ഡോ. അലക്സ് വടക്കുംതല** (ബിഷപ്പ് – കണ്ണൂർ രൂപത) |
| ഉൽഘാടനം | : | **ശ്രീ. പി. ബാലകിരൺ** ഐ.എ.എസ് (ജില്ലാ കലക്ടർ – കണ്ണൂർ) |
| ശുചിത്വ യജ്ഞ സന്ദേശം | : | **പ്രൊ. കെ. എ. സരള** (പ്രസിഡന്റ് ജില്ലാ പഞ്ചായത്ത് - കണ്ണൂർ) |
| രാജേന്ദ്ര പാർക്ക് – ഉദ്യാന – രൂപരേഖ സമർപ്പണം | : | **റവ. ഡോ. ജിൽസൻ പനക്കൽ** (ഡയറക്ടർ - കയ്റോസ്) |
| രൂപരേഖ സ്വീകരണം | : | **ശ്രീമതി റോഷ്നി ഖാലിദ്** (മുൻസിപ്പൽ ചെയർപേഴ്സൻ - കണ്ണൂർ) |
| നന്ദി | : | **റവ. ഫാ. ജോൺസൺ സിമേതി** (അസോ. ഡയറക്ടർ - കയ്റോസ്) |

**'ശുചിത്വ ഭവനം ശുചിത്വ കണ്ണൂർ ' കാമ്പെയ്നിന്റെ ഭാഗമായി താഴെപ്പറയുന്ന പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് :**

1. **ശുചിത്വ ദിനം**
   നവംമ്പർ 5 ന് രൂപതയിലെ എല്ലാ സ്ഥാപനങ്ങളിലും ശുചിത്വ ദിനമായി ആചരിക്കേണ്ടതാണ്. ഇതിന്റെ ഭാഗമായി എല്ലാ സ്ഥാപനവും പരിസരവും ശുചീകരിക്കേണ്ടതാണ്.
2. **Save Energy Hour**
   നവംമ്പർ 5, ബുധൻ. രാത്രി 8 മണി മുതൽ 9 മണി വരെ രൂപതയിലെ എല്ലാ ഭവനങ്ങളിലും സ്ഥാപനങ്ങളിലും ഒരു മണിക്കൂർ വൈദ്യുതി ഉപയോഗം നിർത്തിവെയ്ക്കുന്നു. പകരം മെഴുകുതിരി തെളിച്ച് ഈ ഒരു മണിക്കൂറിൽ ആദ്യത്തെ 30 മിനിറ്റ് കുടുംബാംഗങ്ങളെല്ലാവരും ഒന്നിച്ച് പ്രാർത്ഥനയ്ക്കായി ചെലവഴിക്കേണ്ടതാണ്. അടുത്ത 10 മിനിറ്റ് നിശ്ശബ്ദതയുടെ പ്രാധാന്യം മനസ്സിലാക്കുന്നതിനായി എല്ലാവരും മൗനം പാലിക്കുന്നു. തുടർന്നുള്ള 20 മിനിറ്റിൽ കുടുബാംഗങ്ങൾ തമ്മിലുള്ള ആശയ വിനിമയത്തിന്റെ ആവശ്യകത അനുഭവിക്കുന്നതിനായി എല്ലാവരും സൗഹൃദ സംഭാഷണം നടത്തേണ്ടതാണ്.
3. **ഇടവകാതല ശുചിത്വദിനം**
   നവംമ്പർ 9, ഞായർ. രൂപതയിലെ എല്ലാ ഇടവകയിലും ശുചിത്വ ദിനമായി ആചരിക്കേണ്ടതാണ്. ഇതിന്റെ ഭാഗമായി പള്ളിയും പരിസരവും ഇടവകയിലെ ഭവനങ്ങളും ശുചീകരിക്കേണ്ടതാണ്.